**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ സമൃദ്ധമായ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കാനും വൈവിധ്യവൽക്കരണത്തോടെ അധിക വരുമാനമുണ്ടാക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'ജനകീയ മത്സ്യകൃഷി' യിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം ഒരു യൂണിറ്റിന് 15000/- രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 1460 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിക്ക് അനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 40% (6000/- രൂപ) കർഷകർക്ക് ധനസഹായമായി നൽകുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ 1480 യൂണിറ്റ് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും ആയതിൽ 976 യൂണിറ്റുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്നു വരുന്നു.<br><br>ഇതിന് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു യൂണിറ്റിന് 20,000/- രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 500 യൂണിറ്റ് കല്ലുമ്മേക്കായ കൃഷിക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 60% ഗുണഭോക്തൃവിഹിതവും ബാക്കി തുക (60% കേന്ദ്രവിഹിതവും 40% സംസ്ഥാനവിഹിതവും ചേർത്ത് 8000/- രൂപ) കർഷകർക്ക് ധനസഹായമായി നൽകുന്നു. ആയത് പ്രകാരം 400 യൂണിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ